## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1447

**11/06/2019 ൽ മറുപടിക്ക്**

## റീസർവേ നടപടികളുടെ പുരോഗതി

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**,, ആർ. രാമചന്ദ്രൻ**
**,, ഇ.കെ.വിജയൻ**
**,, എൽദോ എബ്രഹാം**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടക്കുന്ന റീസർവേ നടപടികളുടെ പുരോഗതി അറിയിക്കുമോ; നിലവിലെ സ്ഥിതിയനുസരിച്ച് എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ; | (എ) | സ.ഉ.(എം.എസ്സ്)നമ്പർ 28/2017/റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനം പുനരാരംഭിക്കുകയും കാസർഗോഡ് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ റീസർവ്വെ പൂർത്തിയാക്കിയ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 904 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വെ പൂർത്തീകരിക്കുവാൻ ബാക്കിയുള്ള 760 വില്ലേജുകളിൽ 34 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. റീസർവ്വെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തിലാണ് വകുപ്പ് മുന്നേറുന്നത്. എന്നാൽ റീസർവ്വെ കൂടാതെ സംസ്ഥാനത്തിന്റെ വികസനം മുൻനിർത്തി നടന്നുവരുന്ന സ്പെഷ്യൽ സർവ്വെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ടും, പൊതുജനങ്ങളുടെ അടിയന്തിരാ-വശ്യങ്ങളും ബുദ്ധിമുട്ടുകളും പരിഹരിച്ചു കൊണ്ടുള്ള എൽ.ആർ.എം പ്രവർത്തനങ്ങൾക്കും, അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന മറ്റു സർവ്വേ പ്രവർത്തനങ്ങൾക്കും, കോടതി ആവശ്യങ്ങൾക്കുമെല്ലാം റീസർവ്വേയിലേയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ വിനിയോഗിക്കുന്നതിനാൽ സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | റീസർവ്വെ പൂർത്തിയാക്കൽ കൃത്യമായി കണക്കാക്കാൻ കഴിയില്ല. |
| (ബി) | കേരള ഭൂരേഖ നവീകരണമിഷന്റെ സ്ഥാപന ഉദ്ദേശ്യം വിശദമാക്കമോ; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ച് നടക്കുന്നു എന്നറിയിക്കുമോ; | (ബി | കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്കുവരവിന്റെ എല്ലാ നടപടികളും ഓൺലൈനുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കഡസ്ട്രൽ സർവ്വെ ആധുനീകരിക്കുക, സർവ്വെ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നിവയാണ് കേരള ലാൻഡ് റിക്കാഡ്സ് മോഡണൈസേഷൻ മിഷന്റെ (KLRMM) ഉദ്ദേശ്യലക്ഷ്യങ്ങൾ. കൂടാതെ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വെബ് അധിഷ്ഠിതമായി ഏകോപിപ്പിച്ച് ഭാവിയിൽ ഭൂമി സംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈൻ ആക്കുവാനാണ് ലക്ഷ്യമിടുന്നത്. മുഖ്യമന്ത്രി ചെയർമാനും റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ മന്ത്രിമാർ വൈസ് ചെയർമാൻമാരുമായാണ് മിഷൻ ഗവേണിംഗ് ബോഡിയുടെ ഘടന. റവന്യൂ സെക്രട്ടറിയാണ് മിഷൻ സെക്രട്ടറി. ഗവേണിംഗ് ബോഡി അംഗങ്ങളിൽ വനംവകുപ്പ് സെക്രട്ടറിയും അംഗമാണ്. 09.11.2018, 29.01.2019 എന്നീ തീയതികളിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഭൂരേഖാ നവീകരണ മിഷന്റെ രണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടുള്ളതും ആയത് പ്രകാരം പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | റീസർവ്വേ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ചട്ടത്തിൽ വരുത്തിയ ഭേദഗതികൾ അറിയിക്കുമോ ; | (സി) | റീസർവ്വെ പരാതി സംബന്ധിച്ച അപേക്ഷ വില്ലേജാഫീസ്, താലൂക്കാഫീസ്, ജില്ലാ സർവ്വെ സൂപ്രണ്ടാഫീസ് എന്നിവിടങ്ങളിലെ വിവിധ ഉദ്യോഗസ്ഥതലങ്ങളിലൂടെയും, |

| | | | |
|---|---|---|---|
| | | | സർവ്വെ- അതിരടയാള നിയമവും, ചട്ടവും, പോക്കുവരവ് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികളുടെ വിവിധ ഘട്ടങ്ങളിലൂടെയും കടന്നു പോകുന്നതിനാൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് കൂടുതൽ കാലതാമസം ഉണ്ടാകുന്നു. ആയതിനാൽ 1964 ലെ സർവ്വെ അതിരടയാള ചട്ടങ്ങളിലെ 24, 36, 61 എന്നീ ചട്ടങ്ങളിൽ പ്രതിപാദിച്ചിരുന്ന സർവ്വെ സൂപ്രണ്ടിന്റെ ചുമതലകൾ ഹെഡ് സർവ്വെയർക്ക് നൽകി 24/11/2017 ലെ സ.ഉ (പി)70/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ഡി) | റീസർവ്വേ സംബന്ധിച്ച പരാതികൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ഡി) | സ.ഉ (എം.എസ്) നമ്പർ 200/2010/റവ ഉത്തരവ് പ്രകാരം റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂരേഖകളുടെ പരിപാലനവും റീസർവ്വെയ്ക്ക് ശേഷം ഉണ്ടായിട്ടുള്ള പരാതികൾ തീർപ്പാക്കാനുള്ള ചുമതലയും ഭൂരേഖ തഹസീൽദാർമാർക്ക് നൽകി ഉത്തരവായിരുന്നു. എന്നാൽ എൽ.ആർ.എം. അപേക്ഷകളിന്മേലുള്ള നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ.ഉ. (എം.എസ്) നം. 303/2017/റവന്യൂ ഉത്തരവ് പ്രകാരം എൽ.ആർ.എം. ഫയലുകളിലെ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം റീസർവ്വെ പൂർത്തിയായ വില്ലേജുകളിലെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും നടപടി സ്വീകരിക്കേണ്ടതും രേഖകളുടെ പരിപാലനവും സംരക്ഷണവും, ജീവനക്കാരുടെ ഭരണപരമായതും, ജോലിസംബന്ധമായതുമായ നിയന്ത്രണം ഭൂരേഖാ തഹസീൽദാർമാർക്ക് നൽകി , എൽ.ആർ.എം സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളും പരാതികളും മറ്റ് തപാലുകൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ഒരു ഫയലിൽ തന്നെ കൈകാര്യം ചെയ്യാൻ ഉത്തരവായി. കൂടാതെ എൽ.ആർ.എം സർവ്വെയർമാർക്ക് താലൂക്ക് |

| | | | |
|---|---|---|---|
| | | | സർവ്വെയർമാരുടെ അധികാരം നൽകി. 31.08.2017 വരെ നിലവിലുള്ള അപേക്ഷകൾ ലഭിച്ച തീയതി, അപേക്ഷകളുടെ എണ്ണം എന്നിവ കണക്കാക്കി രജിസ്റ്ററിൽ ചേർക്കാൻ നിർദ്ദേശം നൽകി. 31.08.2017 വരെ വില്ലേജാഫീസുകളിൽ ലഭിച്ച പരാതികൾ 15 ദിവസത്തിനകം ഭൂരേഖാതഹസിൽദാർമാർക്ക് കൈമാറാനും നിർദ്ദേശം നൽകി. 01.09.2017 മുതൽ പേരുമാറ്റം വില്ലേജ് ഓഫീസിലും സബ് ഡിവിഷൻ, വിസ്തീർണ്ണ വ്യത്യാസം, അതിർത്തി പുനർനിർണ്ണയം എന്നിവയ്ക്കുള്ള അപേക്ഷകൾ താലൂക്കിലും രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകി. അപേക്ഷകളിന്മേൽ സീനിയോറിറ്റി പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി. സർവ്വെയർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകി. ഭൂരേഖാ തഹസീൽദാർമാരുടെ നടപടികൾക്കെതിരെ ആക്ഷേപം ഉള്ളപക്ഷം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപ്പീൽ നൽകുവാനും വ്യവസ്ഥ ചെയ്തു.<br><br>ഭൂരേഖാ തഹസീൽദാർ എല്ലാ 15 ദിവസം കൂടുമ്പോഴും സർവ്വെയർമാരുടെ പ്രവർത്തനം വിലയിരുത്തുവാനും, എൽ.ആർ.എം. അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി എല്ലാ മാസവും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) അവലോകനം നടത്തുവാനും ജില്ലാ കളക്ടർ അവലോകന റിപ്പോർട്ട് പരിശോധിച്ച് എല്ലാ മാസവും 10-ാം തീയതിയ്ക്കകം ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് നൽകുവാനും, ലാൻഡ് റവന്യൂ കമ്മീഷണർ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് പ്രവർത്തന പുരോഗതി സർക്കാരിൽ ലഭ്യമാക്കുവാനും ടി സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. |
| (ഇ) | റീസർവ്വേ പ്രവൃത്തികളുടെ ഏകോപനത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി സർവ്വേ ഡയറക്ടറേറ്റിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയെന്ന് വ്യക്തമാക്കുമോ? | (ഇ) | റീസർവ്വെ പ്രവർത്തനങ്ങളുടെ ഏകോപനം, കാര്യക്ഷമമായ പ്രവർത്തനം ഇവ മുൻനിർത്തി എല്ലാ ജില്ലാകളിലെയും മുതിർന്ന സർവ്വെ ഓഫീസർമാരെ ഉൾപ്പെടുത്തി വീഡിയോ കോൺഫറൻസിലൂടെ പുരോഗതി വിലയിരുത്തി അവലോകനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്യുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ റീസർവ്വെ പൂർത്തിയാക്കിയ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനത്തിന് പ്രത്യേകമായി തന്നെ ക്യാമ്പ് ഓഫീസ്, വാഹനം മറ്റ് എല്ലാ ഭൗതിക സാഹചര്യങ്ങളും സർവ്വേ വകുപ്പ് ഒരുക്കി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ